# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 01-07-2013 ൽ മറുപടിക്ക്

ചോദ്യം നമ്പർ : 472

## ക്രൈം റിക്കാർഡ്സ് ബ്യൂറോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ:<br>ശ്രീ.ലൂഡി ലൂയിസ്:<br>ശ്രീ. വി.ഡി.സതീശൻ:<br>ശ്രീ.എ.റ്റി.ജോർജ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |

എ) എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ ആരംഭിക്കുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

എ) 25-06-2012 തീയതിയിലെ ജി.ഒ.(എം.എസ്) നം. 110/2012/റ്റി.ഡി ഉത്തരവ് പ്രകാരം, എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്ക്, ജോയിന്റ് എക്സൈസ് കമ്മീഷണർ, സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ എന്നീ തസ്തികകൾ ഓരോന്നു വീതവും, രണ്ട് പ്രിവന്റീവ് ഓഫീസർ, മൂന്ന് സിവിൽ എക്സൈസ് ഓഫീസർ, ഒരു ഡ്രൈവർ എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

ബി) ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ ചുമതലകൾ എന്തെല്ലാമാണെന്നും ഇതിനായി വകുപ്പിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

ബി) 27-10-2012 ലെ ജി.ഒ.(ആർ.റ്റി). നം 813/2012/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം, ടി ബ്യൂറോയുടെ പ്രവർത്തനങ്ങളും ഉദ്ദേശ ലക്ഷ്യവും വ്യക്തമാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1) സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവര കണക്ക് തയ്യാറാക്കി സൂക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യുക.
2) ബന്ധപ്പെട്ട എക്സൈസ് അന്വേഷണ ഉദ്യോഗസ്ഥരോ, പബ്ലിക് പ്രോസിക്യൂട്ടർമാരോ ആവശ്യപ്പെടുന്ന മുറയ്ക്ക്, കുറ്റകൃത്യങ്ങളെപ്പറ്റിയും, കുറ്റവാളികളെപ്പറ്റിയും ഉള്ള വിവരം നൽകുകയും, അവ സൂക്ഷിക്കുകയും, ഏകോപിപ്പിക്കുകയും ചെയ്യുക.
3) ജില്ലാതലങ്ങളിൽ ക്രൈം റിക്കാർഡ്സ് മാനേജ്മെന്റിന്റെ മേൽനോട്ടം വഹിക്കുകയും, നിരീക്ഷണം ചെയ്യുകയും, വിലയിരുത്തുകയും, വഴികാട്ടുകയും, ആധുനികവത്കരിക്കുകയും ചെയ്യുക.
4) എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ സഹായത്തിനായി, ദേശീയ-സംസ്ഥാനതല കുറ്റവാളികളുടേയും, അബ്കാരി, എൻ.ഡി.പി.എസ്, എം.ആന്റ്.റ്റി.പി കുറ്റങ്ങളുടേയും ഒരു സംശയ ദുരീകരണ കേന്ദ്രമായി പ്രവർത്തിക്കുക.
5) എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും വിവരങ്ങളുമുൾപ്പെടെ മറ്റെല്ലാത്തരം വിവരങ്ങളും ശേഖരിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക.

(മറുപുറം)

6) ജില്ലാതലങ്ങളിലെ കുറ്റകൃത്യ സ്ഥിതിവിവര കണക്ക് ശേഖരിക്കുകയും, തരം തിരിക്കുകയും ചെയ്യുക.
7) അറസ്റ്റു ചെയ്യവരുടേയും, പിടികിട്ടാപ്പുള്ളികളുടേയും സ്ഥിതിവിവര കണക്ക് ശേഖരിക്കുകയും സൂക്ഷിക്കുകയും ചെയ്യുക.
8) ക്രൈം രജിസ്ട്രേഷൻ, ക്രൈം അന്വേഷണം, അന്തിമ റിപ്പോർട്ട് സമർപ്പണം തുടങ്ങിയവയുമായി ബന്ധപ്പെട്ട സർക്കുലറുകൾ സൂക്ഷിക്കുക
9) കേസുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തി സൂക്ഷിക്കുക
10) വിവരാവകാശ നിയമം മുഖേന ലഭിക്കുന്ന അപേക്ഷകൾക്ക് മറുപടി നൽകുക
11) കോടതി വിചാരണയുടേയും നടപടി ക്രമങ്ങളുടേയും ഫലം പരിശോധിച്ച്, കേസുകൾ തുടർന്ന് നടത്തുന്നതിനാവശ്യമായ വിവരങ്ങൾ കീഴുദ്യോഗസ്ഥർക്ക് നൽകുക
12) മൈക്രോ ഫിലിമിങ്ങ്, ലാമിനേറ്റിങ്ങ് തുടങ്ങിയ നൂതന മാർഗ്ഗങ്ങളുപയോഗിച്ച് റിക്കാർഡുകളും വിവരങ്ങളും ശേഖരിച്ച് സൂക്ഷിക്കുക
13) മറ്റു സംസ്ഥാനങ്ങളിലേയും, കേന്ദ്രസർക്കാരിലേയും എൻഫോഴ്സ്മെന്റ് ഏജൻസികളുമായി സഹകരിച്ച് പ്രവർത്തിക്കുക.
14) കീഴ് ഓഫിസുകൾ സന്ദർശിച്ച് പെൻഡിങ്ങ് കേസുകളുടെ അന്വേഷണ നടപടിക്രമങ്ങൾ വിലയിരുത്തുക.

എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ ചുമതല എക്സൈസ് വകുപ്പിൽ ഉയർന്ന ഉദ്യോഗസ്ഥനായ ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർക്കാണ് നൽകിയിട്ടുള്ളത്. കേസിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനും, വിശകലനം ചെയ്യുന്നതിനുമായി ഒരു web based crime management software ന്റെ നിർമ്മാണപ്രവർത്തനത്തിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

സി) ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ ആസ്ഥാനം എവിടെയാണ് ;

സി) എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, നന്താവനം, തിരുവനന്തപുരം.

ഡി) എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്രൈം റിക്കാർഡ്സ് ബ്യൂറോയിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഡി) ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ പ്രവർത്തനം പ്രാരംഭഘട്ടത്തിലായതിനാൽ, പൊതുജനങ്ങൾക്ക് വിവരം നൽകി തുടങ്ങിയിട്ടില്ല. ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ web-based crime management software -ന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് നിലവിൽ വന്ന്, ബ്യൂറോയുടെ പ്രവർത്തനങ്ങൾ പൂർണ്ണ സജ്ജമാകുന്ന മുറയ്ക്ക്, പൊതുജനങ്ങൾക്ക് വേണ്ടുന്ന വിവരങ്ങൾ ലഭ്യമാക്കാവുന്നതാണ്.

സെക്ഷൻ ആഫീസർ